മേഴ്സിന് ലാഭം വരുത്തുക, നിയമപ്രകാരം നൽകേണ്ട കണക്ടഡ് ലോഡ് അണ് കൺസ്യൂമർക്ക് നൽകാത്തപ്പോൾ അവർക്ക് കോമ്പൻസേഷൻ നൽകി നഷ്ടം നികത്തുക, വർക്ക് ഓഡിറ്റിന് സൂപ്പർവിഷൻ വഹിച്ച് വർക്കുകൾ ലാഭ കരമാക്കി വൈദ്യുതി ചാർജ് കുറയ്ക്കുക മുതലായി കൺസ്യൂമേഴ്സിന് ലാഭ മുണ്ടാക്കാൻ പറ്റിയ വിധത്തിൽ ബോർഡിൽ ഉപഭോക്തൃ ലാഭകേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടിയെടുക്കുമോ;

(സി) വൈദ്യുതി കൺസ്യൂമർമാരുടെ താൽപ്പര്യം സംരക്ഷിക്കുവാ നുള്ള ബാദ്ധ്യതയാർക്കാണെന്നു പറയുമോ?

ഉത്തരം

(എ) വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം എന്നിവയെ സംബന്ധിക്കുന്നതാണ് ലാഭകേന്ദ്രങ്ങൾ.

(ബി) ഇക്കാര്യങ്ങളിൽ സമഗ്രമായി പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ഓരോ ലാഭകേന്ദ്രങ്ങളുടെയും കീഴിൽ ഓരോ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേറ്റ് ഓഫീസിനു കീഴിൽ ഒരു ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം ലാഭകേന്ദ്രങ്ങൾ പൂർണ്ണരൂപത്തിൽ നിലവിൽ വരും.

(സി) വൈദ്യുതി ബോർഡിനാണ്.

വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

134 (917)ശ്രീ. പി. രാഘവൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്;

(ഡി) ഓരോ പദ്ധതിയുടെയും ഉൽപ്പാദനക്ഷമതയും അതിന് ചെല വായ തുകയും എത്ര വീതമെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ നിർമ്മാണഘട്ടത്തിലുള്ള പദ്ധതികൾ ഏതൊക്കെ യാണ്;

(എഫ്) അവ ഓരോന്നിന്റെയും ഉൽപ്പാദനമൂല്യം എത്രയാണെന്ന് അറി യിക്കുമോ;

(ജി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 2000-ാമാണ്ടോടുകൂടി വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തിന് സ്വയംപര്യാപ്തത നേടാൻ കഴിയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പേപ്പാറ ചെറുകിട പദ്ധതി - 3 മെഗാവാട്ട് 6/96 ൽ കമ്മീഷൻ ചെയ്തു.

2. മാട്ടുപ്പെട്ടി ചെറുകിട പദ്ധതി - 2 മെഗാവാട്ട് 1/95 മുതൽ ഉൽപ്പാദനം തുടങ്ങി.

3. ലോവർ പെരിയാർ ജലവൈദ്യുതി പദ്ധതി - 180 മെഗാവാട്ട് 10/97-ൽ കമ്മീഷൻ ചെയ്തു.

4. പെരിങ്ങൽകുത്ത് ഇടതുകര വികസന പദ്ധതി - 16 മെഗാവാട്ട് 3/99-ൽ കമ്മീഷൻ ചെയ്തു.

5. മലങ്കര ചെറുകിട പദ്ധതി - 10.5 മെഗാവാട്ട് ഈ പദ്ധതികളുടെ സിവിൽ ജോലികൾക്കുള്ള ടെൻഡർ വിളിച്ചു കഴിഞ്ഞു.

6. ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതി - 85 മില്യൻ യൂണിറ്റ്- ഈ പദ്ധതിയുടെ സ്ഥലമെടുപ്പ് ജോലികളും മറ്റു പ്രാഥമിക ജോലികളും നടന്നുവരുന്നു.

7. കുറ്റിയാർ ഡൈവേർഷൻ പദ്ധതി
8. വഴിക്കടവ് ഡൈവേർഷൻ പദ്ധതി
9. അഴുത ഡൈവേർഷൻ പദ്ധതി

കോൺട്രാക്ട് പണികൾ നിന്നിരിക്കുകയാണ്. പണി പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

10. വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി - ഈ പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

11. കക്കാട് ജലവൈദ്യുതി പദ്ധതി - 50 മെഗാവാട്ട്- 1999 ജൂലൈ 17-ാം തീയതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

12. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി - 50 മെഗാവാട്ട് - ഈ പദ്ധതി നിർമ്മാണ ഘട്ടത്തിലാണ്.

13. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി - 100 മെഗാവാട്ട് - പ്രീ ക്വാളിഫിക്കേഷൻ നടന്നുകഴിഞ്ഞു.

14. കുറ്റ്യാടി ടെയിൽറേസ് - 3.75 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതിയുടെ ടെൻഡറിങ്ങിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

15. കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി - 223 എം.യു-കോടതി കേസ്സ് നിലനിൽക്കുന്നതുകാരണം പണി നിന്നിരിക്കുകയാണ്.

16. ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി (163 എം.ഡബ്ല്യൂ)-പ്രീ-ക്വാളിഫിക്കേഷൻ നടന്നുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

17. 106.8 മെഗാവാട്ട് ശേഷിയുള്ള ബ്രഹ്മപുരം, താപനിലയം 6/97-ൽ കമ്മിഷൻ ചെയ്തു കഴിഞ്ഞു.

18. 128 മെഗാവാട്ട് സ്ഥാപിതശേഷിയോടുകൂടിയ കോഴിക്കോട് ഡീസൽ താപനിലയം നിർമ്മാണഘട്ടത്തിലാണ്. 1999 സെപ്തംബറിൽ കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

19. കൊച്ചിയിൽ 185.6 മെഗാവാട്ട് ശേഷിയുള്ള ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് എന്ന താപനിലയത്തിന്റെ പണി ഭാഗികമായി പൂർത്തിയായി.

20. കാസർഗോഡ് 107 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം ഡി.സി. പവർ എന്ന സ്ഥാപനം 2000-2001-ൽ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെത്തന്നെ 20 മെഗാവാട്ട് ശേഷിയുള്ള ഒരു നിലയം കാസർഗോഡ് പവർ കോർപ്പറേഷൻ ഈ സാമ്പത്തികവർഷം തന്നെ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇവ കൂടാതെ 25 ചെറുകിട പദ്ധതികൾ സ്വകാര്യമേഖല/പൊതുമേഖല മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തു. ഇതിൽ 4 പദ്ധതികൾക്ക് സ്വകാര്യ ഏജൻസികൾ പ്രാഥമികകരാർ ഒപ്പുവച്ച് തുടർ നടപടികൾ നടന്നുവരുന്നു. ഇവ താഴെപ്പറയുന്നു.

1.	പുന്നപ്പുഴ	-	2.40 മെഗാവാട്ട്
2.	കാന്തൻപാറ	-	1.20 മെഗാവാട്ട്
3.	തൂവൽ	-	1.0 മെഗാവാട്ട്
4.	കിഷുമം	-	3.3 മെഗാവാട്ട്

ചൈനയുടെ സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഒരു ധാരണപത്രം ഒപ്പുവച്ചു. ഇതിൽ 4 പദ്ധതികൾ പൈലറ്റ് പ്രോജക്ടായി ഈ വർഷം തന്നെ പണി തുടങ്ങുവാനുള്ള നടപടികൾ നടന്നുവരുന്നു.

പൈലറ്റ് പദ്ധതികൾ :	1.	ചെമ്പുകടവ് 1	- 2.70 മെഗാവാട്ട്
	2.	ചെമ്പുകടവ് 2	- 3.75 മെഗാവാട്ട്
	3.	ഉറുമി 1	- 3.75 മെഗാവാട്ട്
	4.	ഉറുമി 2	- 2.40 മെഗാവാട്ട്

34 ചെറുകിട പദ്ധതികൾ സ്വകാര്യ സ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സഹകരണസ്ഥാപനങ്ങൾ/സ്വകാര്യ സംരംഭകർ ഇവരെക്കൊണ്ട് നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കുകയും പത്ര പരസ്യംമൂലം അപേക്ഷ സ്വീകരിക്കുകയും അപേക്ഷയിൻമേലുള്ള വിശദമായ പഠനം നടന്നുവരുകയുമാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1.	ചെറുവ	-	2.5 മെഗാവാട്ട്
2.	മംഗളംമിനി	-	0.5 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

3.	പാലക്കുഴി	-	10 മെഗാവാട്ട്
4.	കരിംപുഴ	-	0.9 മെഗാവാട്ട്
5.	ഒലിക്കത്തോട്ട്	-	0.40 മെഗാവാട്ട്
6.	കുതിരച്ചാട്ടം	-	20 മെഗാവാട്ട്
7.	താന്നിയാടി	-	0.45 മെഗാവാട്ട്
8.	മുക്കടവ്	-	2.25 മെഗാവാട്ട്
9.	മാലോത്തി 1	-	1.60 മെഗാവാട്ട്
10.	പിലാച്ചിക്കര	-	0.35 മെഗാവാട്ട്
11.	ചണാക്കാട്	-	0.20 മെഗാവാട്ട്
12.	ഫർലോങ്കര	-	0.35 മെഗാവാട്ട്
13.	മുക്കൂട്ടത്തോട് സ്മാൾ	-	2.0 മെഗാവാട്ട്
14.	ആലം പാറത്തോട്	-	1.75 മെഗാവാട്ട്
15.	അത്തിക്കൊട്	-	1.0 മെഗാവാട്ട്
16.	ഓലിപ്പുഴ	-	1.50 മെഗാവാട്ട്
17.	മുണ്ടക്കയം	-	1.25 മെഗാവാട്ട്
18.	തൊമ്മൻകുത്ത്	-	2.50 മെഗാവാട്ട്
19.	മീൻമുട്ടി പാറത്തോട്	-	0.33 മെഗാവാട്ട്
20.	കാസാർ	-	0.60 മെഗാവാട്ട്
21.	ചെമ്പൻകുഴി	-	1.0 മെഗാവാട്ട്
22.	ദേവികുളം ലേക്ക് 1	-	2.80 മെഗാവാട്ട്
23.	ചാമ്പുകയം	-	3.50 മെഗാവാട്ട്
24.	തോണിയാൽ	-	2.60 മെഗാവാട്ട്
25.	സാവലിപ്പുഴ 1	-	1.50 മെഗാവാട്ട്
26.	ചാപ്പമല്	-	1.0 മെഗാവാട്ട്
27.	ചാത്തമല്	-	1.0 മെഗാവാട്ട്
28.	കളിത്തട്ടുംപാറ	-	0.30 മെഗാവാട്ട്
29.	കണ്ടൂർപ്പുഴ	-	0.75 മെഗാവാട്ട്
30.	മാടൻപുഴ	-	0.30 മെഗാവാട്ട്
31.	പുലക്കുട്ടി ലോവർ	-	0.40 മെഗാവാട്ട്
32.	പാൽചുരം ലോവർ	-	0.50 മെഗാവാട്ട്
33.	രണ്ടാം കടവ്	-	0.40 മെഗാവാട്ട്
34.	ഉരുട്ടിപ്പുഴ	-	1.0മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) നിർമ്മാണം പൂർത്തിയാക്കി ഉൽപ്പാദനം ആരംഭിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

പേപ്പാറ	- 3 മെഗാവാട്ട്	- 1996 ജൂൺ
ലോവർ പെരിയാർ	- 180 മെഗാവാട്ട്	- 1997 ഒക്ടോബർ
മാട്ടുപ്പെട്ടി	- 2 മെഗാവാട്ട്	- 1998 ജനുവരി
ബ്രഹ്മപുരം	- 106.6 മെഗാവാട്ട്	- 1997 ജൂൺ
പെരിങ്ങൽകുത്ത് ഇടതുകര	- 16 മെഗാവാട്ട്	- 1999 മാർച്ച്
കായംകുളം	- 230.6 മെഗാവാട്ട്	- എൻ.ടി.പി.സി. പ്രോജക്ട്
ബി.എസ്.ഇ.എസ്.	- 40.5 മെഗാവാട്ട്	
ആകെ	- 578.7 മെഗാവാട്ട്	

(ഡി) വിശദവിവരം താഴെ കൊടുക്കുന്നു:-

1. പേപ്പാറ (3 മെഗാവാട്ട്) - 588.64 ലക്ഷം രൂപ (4/99 വരെ)
2. ലോവർ പെരിയാർ - (180 മെഗാവാട്ട്) 34705.96 ലക്ഷം രൂപ (4/99 വരെ)
3. മാട്ടുപ്പെട്ടി (2 മെഗാവാട്ട്) - 439.29 ലക്ഷം രൂപ (4/99 വരെ)
4. ബ്രഹ്മപുരം (106.6 മെഗാവാട്ട്) - 45814.8 ലക്ഷം രൂപ (4/99 വരെ)
5. പെരിങ്ങൽകുത്ത് ഇടതുകര - 4160.84 ലക്ഷം രൂപ (4/99 വരെ) (16 മെഗാവാട്ട്)

(ഇ)-(ജി) പദ്ധതികളുടെ സ്ഥാപിതശേഷിയും ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതിയും താഴെ കൊടുക്കുന്നു.

കക്കാട് (50 മെഗാവാട്ട്)	- 7/99-ൽ
കുറ്റ്യാടി എക്സ്റ്റൻഷൻ (50 മെഗാവാട്ട്)	- 2000-ൽ
കുറ്റ്യാടി ടെയിൽറേസ് (3.75 മെഗാവാട്ട്)	- 2001-ൽ
മലങ്കര (10.5 മെഗാവാട്ട്)	- 3/2000-ൽ
മലമ്പുഴ (2.5 മെഗാവാട്ട്)	- 11/1999-ൽ
കോഴിക്കോട് ഡീസൽ നിലയം (126 മെഗാവാട്ട്)	- 9/99-ൽ
ബി.എസ്.ഇ.എസ്. (157 മെഗാവാട്ട്)	- 6/99-ൽ
കായംകുളം 3-ാം യൂണിറ്റ് (119.4 മെഗാവാട്ട്)	- 12/1999-ൽ
പ്രൈവറ്റ് മിനിസ്കീം (59 മെഗാവാട്ട്)	- 2000-ൽ
ആർ.പി.ജി. (20 മെഗാവാട്ട്)	- 2000-20001-ൽ

(എച്ച്) 2000-ാമാണ്ടോടുകൂടി വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടണമെന്ന ലക്ഷ്യത്തോടെ പണികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly